''ഭരണഭാഷ-മാതൃഭാഷ''

നമ്പർ എച്ച്2/19500/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 31-08-2019

## പരിപത്രം

വിഷയം : പൊതുവിദ്യാഭ്യാസം - തസ്തികനിർണയം 2019-20 - അപ്പീൽ - 'സമന്വയ' വഴി മാത്രമായി പരിഗണിക്കുന്നത് സംബന്ധിച്ച് നിർദേശം പുറപ്പെടുവിക്കുന്നു

സൂചന : 1) 31-05-2019 ലെ സ.ഉ (കൈ) നമ്പർ 51/2019/പൊ.വി.വ
2) 15-06-2019 ലെ ജി.ഒ (എം.എസ്) നമ്പർ 62/2019/പൊ.വി.വ
3) ഈ ഓഫീസിൽ നിന്നുള്ള 26-06-2019 ലെ ഇതേ നമ്പർ പരിപത്രം
4) 23-07-2019 ലെ സ.ഉ (എം.എസ്) നമ്പർ 95/2019/പൊ.വി.വ

2019-20 വർഷത്തെ തസ്തികനിർണയം എല്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ഓൺലൈൻ ആയി 'സമന്വയ' മുഖേന വിജയകരമായി പൂർത്തീകരിച്ചിരിക്കുകയാണല്ലോ. തസ്തികനിർണയ ഉത്തരവുകളിന്മേൽ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകളിൽ കെ.ഇ.ആർ അധ്യായം XXIII, ചട്ടം 12D പ്രകാരം സമർപ്പിക്കപ്പെട്ടിട്ടുള്ള അപ്പീലുകൾ 'സമന്വയ' വഴി പരിഗണിച്ച് ഉത്തരവാകുന്നതിനുള്ള മൊഡ്യൂൾ പ്രവർത്തനക്ഷമമാവുകയും ആയത് സംബന്ധിച്ചുള്ള പരിശീലനം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിലെയും ജീവനക്കാർക്ക് നൽകിയിട്ടുള്ളതുമാണ്. തുടർന്ന് സോഫ്റ്റ്‌വെയറിൽ കണ്ടെത്തിയ ചില ബഗ്ഗുകൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വിവിധ വിദ്യാഭ്യാസ ഉപഡയറക്ടറോഫീസുകളെയും വിദ്യാഭ്യാസ ഓഫീസുകളെയും ബന്ധപ്പെടുത്തി മോക്ക് ഡ്രിൽ അടക്കം നടത്തി മൊഡ്യൂളിന്റെ പ്രവർത്തനക്ഷമത ഉറപ്പിക്കുകയും ചെയ്തതോടെ ഇപ്പോൾ തസ്തികനിർണയ അപ്പീലുകൾ നിർവഹിക്കുവാൻ 'സമന്വയ' പൂർണമായും സജ്ജമായിരിക്കുകയാണ്. ഈ വിഷയത്തിൽ വിവിധ വിദ്യാഭ്യാസ ഓഫീസുകളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് താഴെപറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) 'സമന്വയ' വഴി തസ്തികനിർണയം നടത്തിയ ഫയലുകളിന്മേലുള്ള അപ്പീലുകൾ 'സമന്വയ' വഴി മാത്രമേ നിർവഹിക്കേണ്ടതുള്ളൂ. ഇതിനായി 'സമന്വയ'യിലെ മൊഡ്യൂൾ 02-09-2019 മുതൽ www.samanwaya.kite.kerala.gov.in എന്ന ലിങ്കിൽ ലഭ്യമാകുന്നതാണ്.
2) ഇതിനായി വിദ്യാഭ്യാസ ഉപഡയറക്ടറോഫീസുകളിലെ എയ്ഡഡ്/ഗവണ്മെന്റ് സ്കൂളുകളുടെ തസ്തിക നിർണയ അപ്പീലുകൾ കൈകാര്യം ചെയ്യുന്ന സെക്ഷനുകളിലെ ജീവനക്കാരുടെ യൂസർ ഐഡി സൃഷ്ടിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ജില്ലാ നോഡൽ ഓഫീസർമാരുടെ സേവനം നിർബന്ധമായും വിദ്യാഭ്യാസ ഉപഡയറക്ടറോഫീസിൽ ഉണ്ടായിരിക്കേണ്ടതാണ്.
3) നിലവിൽ അതാത് ഉപഡയറക്ടറേറ്റുകളിൽ ഇതിനകം ലഭിച്ചിട്ടുള്ള അപ്പീൽ അപേക്ഷകൾ 04-09-2019 നകം 'സമന്വയ'യിലേക്ക് മാറ്റേണ്ടതാണ്. ഇതിനായി ആവശ്യമെങ്കിൽ

ഓഫീസിലെ തപാൽ സെക്ഷനിലെ ജീവനക്കാരുടെ സേവനം കൂടി ഉപയോഗപ്പെടുത്താവുന്നതാണ്.

4) അപ്പീൽ ഫയലുകൾ 'സമന്വയ' വഴി ഓൺലൈൻ ആയി പ്രോസസ് ചെയ്യുന്നതിനാലും ഫയൽ നമ്പർ, സിസ്റ്റം തന്നെ ജനറേറ്റ് ചെയ്യുന്നതിനാലും ഈ ഫയലുകൾ യാതൊരു കാരണവശാലും തൻപതിവേടിലോ അപ്പീൽ രജിസ്റ്ററിലോ ചേർക്കേണ്ടതില്ല. 'സമന്വയ' വഴി അപ്പീൽ ഫയലുകൾ കൈകാര്യം ചെയ്യുന്ന വേളയിൽ അതിനായി പേപ്പർ ഫയലുകൾ സൃഷ്ടിക്കരുത്.

5) മാനേജർ/സർക്കാർ സ്കൂൾ ഹെഡ്മാസ്റ്റർ 'സമന്വയ' വഴി സമർപ്പിക്കുന്നതും, വിദ്യാഭ്യാസ ഉപഡയറക്ടറോഫീസിൽ നിന്നും അപ്‌ലോഡ് ചെയ്യുന്നതുമായ അപ്പീലുകൾ വിദ്യാഭ്യാസ ഉപഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരുടെ ലോഗിനിൽ തപാൽ ആയി ലഭിക്കുന്നതാണ്. ഈ ഫയലുകൾ ബന്ധപ്പെട്ട സെക്ഷനിലെ ക്ലാർക്കുമാർക്ക് (ഏതു സെക്ഷനിലാണോ ആ സ്കൂൾ കൈകാര്യം ചെയ്യുന്നത് ആ സെക്ഷനിലേക്കു തന്നെ) ഫോർവേർഡ് ചെയ്യേണ്ടതാണ്.

6) അപ്പീൽ ഫയലുകൾ സെക്ഷനിൽ ലഭിക്കുന്ന വേളയിൽ തന്നെ ഇവയുടെ റിമാർക്സിനായുള്ള വിൻഡോ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ലോഗിനിൽ ലഭ്യമാകുന്നതാണ്. ടി. അപേക്ഷ ലഭിച്ച് പത്ത് ദിവസത്തിനകം തന്നെ ഈ അപ്പീൽ സംബന്ധിച്ച റിമാർക്സ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 'സമന്വയ' വഴി തന്നെ വിദ്യാഭ്യാസ ഓഫീസർ സമർപ്പിക്കേണ്ടതാണ്. മേൽ സമയപരിധി കഴിഞ്ഞാൽ റിമാർക്സ് സമർപ്പിക്കുന്നതിനുള്ള സൗകര്യം 'സമന്വയ'യിൽ ലഭ്യമാകുന്നതല്ല. ഇത്തരത്തിൽ സമയപരിധി കഴിഞ്ഞും റിമാർക്സ് നൽകാത്ത വിദ്യാഭ്യാസ ഓഫീസർമാരുടെ വിവരം അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതും ഉത്തരവാദികളായ ജീവനക്കാർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

7) സ്കൂളുകളിൽ നിന്നും സമ്പൂർണ വഴി വിദ്യാർത്ഥികളുടെ വിവരം രേഖപ്പെടുത്തുമ്പോൾ 1 മുതൽ 4 വരെ ക്ലാസ്സുകളിലെ അറബിക് ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരം ''അഡീഷണൽ അറബിക്'' ആയി രേഖപ്പെടുത്തുവാൻ നിർദേശിച്ചിരുന്നുവെങ്കിലും ചില പ്രധാനാധ്യാപകർ ഈ നിർദേശം കൃത്യമായി പാലിക്കാത്തതിനാൽ വിദ്യാഭ്യാസ ഓഫീസർമാർക്ക് ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) തസ്തിക 'സമന്വയ' വഴി അനുവദിക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല ഇത്തരം അധ്യാപകർ പലരും സ്കൂളിൽ നിന്ന് അക്കാരണത്താൽ തസ്തിക നഷ്ടപ്പെട്ട് പുറത്താവുകയും മറ്റ് വിദ്യാലയങ്ങളിലേക്ക് പുനർവിന്യസിക്കപ്പെടുകയും ചെയ്തിട്ടുമുണ്ട്. ഇത്തരം കേസുകളിൽ അപ്പീലുകൾ വിവിധ ഉപഡയറക്ടറേറ്റുകളിൽ ലഭിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ലഭിച്ച നിർദേശങ്ങൾ പാലിക്കാതെ പ്രധാനാധ്യാപകർ തന്നിഷ്ടപ്രകാരം സമ്പൂർണയിൽ നടത്തിയ ഇത്തരം രേഖപ്പെടുത്തലുകൾ കടുത്ത അച്ചടക്ക നടപടികൾ ക്ഷണിച്ചു വരുത്തുന്നതാണ്. മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന കർശന നിർദേശം പ്രഥമാധ്യാപകർക്ക് നൽകിക്കൊണ്ടും ചുവടെ ചേർക്കുന്ന നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ടും

ഇത്തരം അപ്പീലുകൾ 'സമന്വയ'യിലൂടെ മാത്രം തീർപ്പ് കല്പിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദേശം നൽകുന്നു.

എ) അറബിക് ഭാഷ പഠിക്കുന്ന കുട്ടികളുടെ എണ്ണം ''അഡീഷണൽ അറബിക്'' കോളത്തിൽ രേഖപ്പെടുത്തുന്നതിനു പകരം സമ്പൂർണയിൽ (ആറാം സാധ്യായദിന സ്ട്രെങ്ക്ത്) മറ്റെവിടെയെങ്കിലും രേഖപ്പെടുത്തിയിട്ടുള്ളപക്ഷം (ഒന്നാം ഭാഷയുടെ പാർട്ട് ഒന്നായോ മറ്റോ) പ്രസ്തുത എണ്ണം, തസ്തിക അനുവദിക്കുന്നതിന് പര്യാപ്തമാകുമെങ്കിൽ അത് പരിഗണിച്ച് തസ്തിക അനുവദിക്കാൻ നിർദേശം നൽകി അപ്പീൽ തീർപ്പാക്കേണ്ടതാണ്. ഇതിനാണ് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രഥമ പരിഗണന നൽകേണ്ടത്. 06-09-2019 നകം വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇത്തരം അപ്പീലുകളിന്മേൽ തീരുമാനമെടുക്കണം. ഇപ്രകാരം അനുവദിക്കപ്പെടുന്ന അപ്പീലുകളുടെ അടിസ്ഥാനത്തിൽ ഒരു നടപടി ഉത്തരവ് വഴി തസ്തിക പുനർനിർണയം ചെയ്ത് വിദ്യാഭ്യാസ ഓഫീസർമാർ 07-09-2019 നു തന്നെ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

ബി) ഈ വിഷയത്തിൽ ഇതിനകം പുനർവിന്യസിക്കപ്പെട്ട അധ്യാപകരുണ്ടെങ്കിൽ, അപ്പീൽ വഴി അവരുടെ തസ്തിക ലഭ്യമാകുന്നുവെങ്കിൽ അവരെ ഓണാവധിക്കു ശേഷമുള്ള ആദ്യ പ്രവൃത്തിദിനത്തിൽ തന്നെ തിരികെ വിളിക്കേണ്ടതാണ്.

8) ഖണ്ഡിക 7 ൽ പ്രതിപാദിച്ചതൊഴികെയുള്ള മറ്റെല്ലാ തസ്തികനിർണയ അപ്പീലുകളും 30-09-2019 നകം തന്നെ തീർപ്പാക്കി തസ്തിക പുനർനിർണയ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും വിദ്യാഭ്യാസ ഓഫീസർമാരും സമയബന്ധിതവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

'സമന്വയ' വലിയൊരു ലക്ഷ്യത്തിലേക്കുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കുതിച്ചു ചാട്ടത്തിന്റെ നാന്ദിയാണ്. തുടക്കം ഗംഭീരമാക്കിക്കൊണ്ട് സർക്കാരിന്റെയും വകുപ്പിന്റെയും പ്രതീക്ഷകൾക്കൊത്ത് വളരുന്നതിന് 'സമന്വയ'ക്ക് കഴിഞ്ഞിട്ടുണ്ട്. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ 'സമന്വയ' വഴി 2019-20 ലെ തസ്തികനിർണയ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ കഴിഞ്ഞ വിജയത്തുടക്കത്തിന്റെ നേരവകാശികൾ ഇക്കാര്യത്തിൽ അക്ഷീണം പ്രയത്നിച്ച നമ്മുടെ വിദ്യാഭ്യാസ ഓഫീസുകളിലെ ജീവനക്കാരും വിദ്യാഭ്യാസ ഓഫീസർമാരും എല്ലാത്തിനും സജീവമായ നേതൃത്വം നൽകിയ 'സമന്വയ' സംസ്ഥാന, ജില്ലാ നോഡൽ ഓഫീസർമാരുമാണ്. സമാനതകളില്ലാത്ത ഒരു കൂട്ടായ്മയാണ് 'സമന്വയ' സൃഷ്ടിച്ചത്. അനുകരണീയവും അഭിനന്ദനീയവുമായ ഈ കൂട്ടായ്മ അതേപടി നിലനിർത്തിയാൽ വരുംനാളുകളിൽ 'സമന്വയ' അനായാസം ലക്ഷ്യപ്രാപ്തിയിലെത്തുക തന്നെ ചെയ്യും. തസ്തികനിർണയ പ്രവർത്തനങ്ങളിൽ കാട്ടിയ ഉത്സാഹം അപ്പീലുകൾ തീർപ്പ് കല്പിക്കുന്ന കാര്യത്തിൽ കൂടി കാട്ടിയാൽ നിർദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ അവയും പൂർത്തിയാക്കാൻ നമുക്ക് കഴിയും. വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ ഇതു സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങൾക്കും അതാത് ജില്ലാ നോഡൽ ഓഫീസർമാരുടെ സഹായം കൂടി ഉറപ്പ് വരുത്തേണ്ടതാണ്. അപ്പീൽ ഉത്തരവുകളും തുടർന്നുള്ള തസ്തിക പുനർനിർണയ

ഉത്തരവുകളും 30-09-2019 നകം തന്നെ പുറപ്പെടുവിക്കണമെന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

'സമന്വയ'യുടെ ആദ്യ ഓണമാണ് വരുന്നത്. 'സമന്വയ'യെ നെഞ്ചിലേറ്റിയ എല്ലാ ജീവനക്കാർക്കും ഹൃദയപൂർവം ഓണാശംസകൾ നേരുന്നു.

ആർ.എസ് ഷിബു
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താക്കൾ :

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
4) എല്ലാ 'സമന്വയ' ജില്ലാ/സംസ്ഥാന നോഡൽ ഓഫീസർമാരും
5) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര